# ഇതുശ്രദ്ധിക്കൂ.

## Died of drugs!

Michael Jackson
Brian Adams
Sigmund Freud
Bruce Lee
Sylvia Plath
Marilyn Monroe

സമൂഹത്തിനെ നാശത്തിലേക്കു നയിക്കുന്ന ലഹരി മരുന്നുകള് ജീവിതത്തിൽ നിന്നും തുടച്ചു നീക്കുക എന്ന സന്ദേശത്തോടെ ലോകരാജ്യങ്ങൾ ഇന്ന് ലഹരി വിരുദ്ധ ദിനം ആചരിക്കുകയാണ്. യുവതലമുറയാണ് ഇന്ന് ഏറ്റവും കൂടുതൽ ലഹരി പദാർത്ഥങ്ങൾക്കും മയക്കുമരുന്നുകൾക്കും അടിമകളാകുന്നത്. യുവതലമുറ ലഹരി വസ്തുക്കളിലേക്ക് ആകർഷിക്കപ്പെടുന്നത് തടയണമെന്ന് ഐക്യരാഷ്ട്ര സമിതി നിർദേശിക്കുന്നുണ്ട്. ഐക്യരാഷ്ട്ര സംഘടനയാണ് ജൂൺ 26 അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനമായി പ്രഖ്യാപിച്ചത്.

ഹഷീഷ്, കഞ്ചാവ്, ഹെറോയിൻ, കറുപ്പ്, കൊക്കയിൻ തുടങ്ങിയവ അനധികൃത മയക്കുമരുന്നുകളാണ്. ഇവ മനുഷ്യന്റെ കൊലയാളികളാണ്. രോഗ ശമനത്തിനായുള്ള ചില മരുന്നുകൾ കൂടുതലായി ഉപയോഗിക്കുന്നതും ശരീരത്തിന് നല്ലതല്ല. മയക്കുമരുന്നുകൾ ഉപയോഗിക്കുന്നതു പോലെ പ്രചരിപ്പിക്കുന്നത് വലിയ തെറ്റാണ്. മയക്കു മരുന്ന് പ്രചരിപ്പിക്കുന്നതും വിറ്റഴിക്കുന്നതും ശിക്ഷാർഹമാണ്. പരാമവധി മുപ്പത് വർഷം വരെ കഠിനതടവു ലഭിച്ചേക്കാം.

കൗമാരക്കാരെ ആകർഷിക്കുന്ന ലഹരി മരുന്നുകൾ മസ്തിഷ്കത്തെയും നാഡീ പ്രവർത്തനത്തെയും ബാധിക്കും. വീണ്ടും വീണ്ടും ഉപയോഗിക്കണമെന്ന പ്രേരണ ഉയർത്തുകയും ചെയ്യും. ദു:ഖങ്ങൾ മറക്കാനും സന്തോഷത്തിനായുമാണ് മയക്കു മരുന്ന് ഉപയോഗിക്കുന്നതെന്നാണ് പല മയക്കു മരുന്ന് അടിമകളും പറയുന്നത്.

എന്നാൽ ലഹരി ഇവരെ പിടികൂടി നാശത്തിന്റെ കൊടുമുടിയിലേക്ക് തള്ളിവിടുകയാണെന്ന് ഇവർ അറിയുന്നതേ ഇല്ല. മയക്കു മരുന്ന് ഉപയോഗം ക്യാമ്പസുകളിലും സ്കൂളുകളിലും വർധിച്ചു കൊണ്ടിരിക്കുകയാണെന്നാണ് ഓരോ വർഷവുമുള്ള കണക്കുകൾ സൂചിപ്പിക്കുന്നത്. സ്വയം നശിക്കുന്ന ഇക്കൂട്ടരെ രക്ഷപ്പെടുത്തുന്നതിൽ നിന്നും വൈദ്യശാസ്ത്രം പോലും പരാജയപ്പെടും. ജീവിതം ലഹരി വിമുക്തമാക്കാൻ ലോകത്താകമാനം ബോധവൽകരണ പരിപാടികൾ സംഘടിപ്പിക്കുന്നു. എന്നാൽ സ്വയം ഇനി ലഹരി പദാർത്ഥം ഒരിക്കലും ഉപയോഗിക്കില്ല എന്ന് ഒരു വ്യക്തി ഉറച്ച തീരുമാനമെടുക്കുന്നതാണ് ഇത്തരം ബോധവത്കരണ പരിപാടികളുടെ പൂർണ വിജയം.

**ലോകത്ത്**
**243 ദശലക്ഷം പേർ**
**ഒറ്റമനസ്സോടെ**
**മയക്കുമരുന്നുകളുപയോഗിക്കുന്നു,**
**മരിക്കുന്നു.**

**ഇവരിൽ**
**2 ദശലക്ഷം പേർ**
**എയ്ഡ്സ്**
**രോഗികളാണ്.**

**അപകടം, കൊലപ്പെടുത്തൽ,**
**ആത്മഹത്യ**
കൗമാരക്കാരെ ഇതിനുപ്രേരിപ്പിക്കുന്ന മുഖ്യഘടകം
നിങ്ങൾ ഇതുപയോഗിക്കുമോ ?

**JUST SAY NO!**

http://www.reporterlive.com/2013/06/26/28303.html